## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 419

15..05..2017 -ൽ മറുപടിയ്ക്ക്

### സ്വാശ്രയ എഞ്ചിനിയറിംഗ് കോളേജുകളിലെ അനഭിലഷണീയ പ്രവണതകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ആർ. രാമചന്ദ്രൻ | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ നടക്കുന്ന അനഭിലഷണീയമായ പ്രവണതകൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) സർക്കാർ അത്തരം വിലയിരുത്തലുകൾ നടത്തിയിട്ടില്ല. എന്നാൽ സ്വാശ്രയ എഞ്ചിനീയറിംഗ് മേഖലയിൽ ചില അനഭിലഷണീയമായ പ്രവണതകൾ നടക്കുന്നതായി പത്ര മാധ്യമങ്ങളിലൂടെയും, വിദ്യാർത്ഥികളിൽ നിന്നും ലഭിക്കുന്ന പരാതികളിലുടെയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) യോഗ്യതയുള്ള അധ്യാപകരുടെ അഭാവം മൂലം പഠനപ്രക്രിയ ശരിയായ രീതിയിൽ നടക്കുന്നില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ; | (ബി) യോഗ്യരായ അദ്ധ്യാപകരുടെ അഭാവംമൂലം പഠന പ്രക്രിയ ശരിയായ രീതിയിൽ നടക്കാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എ.ഐ.സി.റ്റി.ഇ. നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് യോഗ്യരായ അദ്ധ്യാപകരെയാണ് നിയമിക്കേണ്ടതെന്ന് സാങ്കേതിക സർവ്വകലാശാല എല്ലാ സ്വാശ്രയ കോളേജുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വൻതുക ഫീസ് ഇനത്തിലും തലവരി ഇനത്തിലും മറ്റും ഈ കോളേജുകൾ വാങ്ങുന്നുണ്ടെങ്കിലും അക്കാദമികവും അല്ലാത്തതുമായ അടിസ്ഥാന സൗകര്യങ്ങൾ ഇവിടങ്ങളിൽ പരിമിതമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | സംസ്ഥാനത്തെ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളും എ.ഐ.സി.ടി.ഇ. നിഷ്ക്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചാണ് പ്രവർത്തിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങളില്ലാത്തതും, നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കാത്തതുമായ സ്ഥാപനങ്ങൾക്ക് സർക്കാർ NOC നൽകിയിട്ടില്ല. സ്വാശ്രയ കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നതിന് മുന്നോടിയായി സ്ഥാപനങ്ങളുടെ അക്കാദമികവും, ഭൗതികവുമായ സാഹചര്യങ്ങൾ വിലയിരുത്തുന്നുണ്ട്. |
| (ഡി) | നിശ്ചിത വിജയശതമാനം ഇല്ലാത്ത സ്വാശ്രയ കോളേജുകൾ അടച്ചുപൂട്ടുന്നതിന് തയ്യാറാകുമോ; | (ഡി) | വിജയ ശതമാനം കുറവുള്ള കോളേജുകൾ അടച്ചുപൂട്ടുന്നത് സംബന്ധിച്ച് സർക്കാർ നിലവിൽ തീരുമാനമൊന്നുമെടുത്തിട്ടില്ല. എന്നാൽ വിജയശതമാനം കുറവുള്ള കോളേജുകളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | പ്രസ്തുത അപര്യാപ്തതകൾ പരിഹരിക്കുന്നതിന് സർക്കാർ പക്ഷത്തുനിന്ന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ? | (ഇ) | സ്വാശ്രയ കോളേജുകളെ സംബന്ധിച്ച വ്യാപകമായ പരാതികൾ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ സ്വാശ്രയ കോളേജുകളുടെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് പഠിക്കുവാൻ ജസ്റ്റീസ് കെ.കെ.ദിനേശൻ ചെയർമാനായ ഒരു മൂന്നംഗ സമിതിയെ സർക്കാർ നിയമിച്ചിട്ടുണ്ട്. |

കൂടാതെ ഇന്റേണൽ അസസ്മെന്റ് സംബന്ധിച്ചുള്ള നടപടികൾക്കും പരിഷ്ക്കാരങ്ങൾക്കുമായി നാല് സർവ്വകലാശാലാ വി.സി.മാർ അടങ്ങിയ ഒരു സമിതിയേയും നിയോഗിച്ചിട്ടുണ്ട്. കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നതിന് മുന്നോടിയായി സ്ഥാപനങ്ങളുടെ അക്കാദമികവും, ഭൗതികവുമായ സാഹചര്യങ്ങൾ വിലയിരുത്തുന്നതിനായി ഒരു ഇ.വി.സി. (എക്സ്പേർട്ട് വിസിറ്റ് കമ്മിറ്റി) രൂപീകരിക്കുകയും ആയത് വിലയിരുത്തുകയും ചെയ്യാറുണ്ട്. അക്കാദമികവും പാഠ്യേതര പ്രവർത്തനങ്ങളും വിലയിരുത്തുന്നതിനായി എല്ലാ സെമസ്റ്ററുകളിലും അക്കാദമിക് ഓഡിറ്റിംഗ് നടത്തിവരുന്നു. കൂടാതെ സർക്കാരിൽ നിന്നും എ.ഐ.സി.റ്റി.ഇ., സർവ്വകലാശാലകൾ എന്നിവയിൽ നിന്നും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കും, നിബന്ധനകൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ അഫിലിയേഷൻ റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു.

Ref

സെക്ഷൻ ഓഫീസർ